പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3450

11-12-2018-ൽ മറുപടിക്ക്

## ചെരിവുകൾ സുസ്ഥിരപ്പെടുത്തുന്ന പദ്ധതി

**ചോദ്യം**

ശ്രീ.അടൂർ പ്രകാശ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ മണ്ണിടിച്ചിലുള്ള സ്ഥലങ്ങളിലെ ചെരിവുകൾ സുസ്ഥിരപെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; | (എ) | ഉണ്ട്. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തലിനും/മണ്ണിടിച്ചിൽ ബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനുമായി സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് 2402-00-102-87 പദ്ധതി ശീർഷകത്തിൽ മണ്ണിടിച്ചിൽ ബാധിത പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് 2018-19 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്; ഇതിൽ എത്രകോടി രൂപയാണ് നാളിതുവരെ ചെലവഴിച്ചിരിക്കുന്നത്; | (ബി) | 2018-19 സാമ്പത്തിക വർഷം 465 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. മണ്ണിടിച്ചിൽ ബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനായി വകുപ്പ് 2017-18 ൽ ഇടുക്കി, കോട്ടയം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ തുടർന്ന് വന്നിരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനും 2018-19 ൽ ഇടുക്കി, പത്തനംതിട്ട, കോഴിക്കോട് ജില്ലകളിലെ പുതിയ പദ്ധതികളിലെ പ്രവർത്തനങ്ങൾക്കും ടി തുക വിനിയോഗിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ആഗസ്റ്റ് മാസം ഉണ്ടായ മഹാപ്രളയം കാരണം പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ മേഖലയിൽ ഏറ്റെടുക്കുവാൻ സാധിച്ചില്ല. പ്രളയാനന്തരം പദ്ധതി പ്രവർത്തനങ്ങൾ ഒക്ടോബർ മാസം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 17.14 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നിർവ്വഹിച്ച് 36.35 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പ്രവർത്തനം നടപ്പാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്ത് ഇടുക്കി, കോട്ടയം, പാലക്കാട് പത്തനംതിട്ട, കോഴിക്കോട് ജില്ലകളിലാണ് പ്രവർത്തനം നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നത്. നാളിതുവരെ കോട്ടയം, ഇടുക്കി ജില്ലകളിലെ വിവിധ പദ്ധതികളിലായി 17.14 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി തിരിച്ച് കൈവരിച്ച പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

Sunildathan

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | ജില്ല | പഞ്ചായത്ത് | 2018-19 ൽ നീക്കിവെച്ച തുക (ലക്ഷം) | നാളിതുവരെ ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|---|---|
| 1 | കടമാക്കുഴി | ഇടുക്കി | കട്ടപ്പന | 10 | 2.81 |
| 2 | കൊങ്ങിണിപ്പടവ് | | കട്ടപ്പന | 0.87 | 0.69 |
| 3 | ഏടാട് മുട്ടം | | അറക്കുളം | 3 | 1.05 |
| 4 | ചെപ്പ് കുളം | | ഉടുമ്പന്നൂർ | 9.11 | 4.34 |
| 5 | കൈലാസപ്പാറ | | നെടുങ്കണ്ടം | 38.03 | 0.94 |
| 6 | എടമറുക് | കോട്ടയം | ഭരണങ്ങാനം | 29.46 | 6.58 |
| 7 | മൂപ്പൻമല | | കൂട്ടിക്കൽ | 59.53 | 0.73 |

Sreelatha

സെക്ഷൻ ഓഫീസർ